# Glimpse of Tech



Presenting by:

LITTLE KITES

CMS HSS MALLAPPALLY

# ഉള്ളടക്കം

1. സന്ദേശം
2. ആമുഖം
3. എഡിറ്റോറിയൽ ബോർഡ്
4. താരാട്ടിനീണം എൻ അമ്മ
5. ജീവിത പടവുകളിലേക്കുള്ള ഉത്തമവഴികാട്ടി
6. എന്റെ ഭാഷ
7. ഓർമ്മകൾ... യാത്രകൾക്കപ്പുറം
8. കലയും സാഹിത്യവും
9. നല്ല സുഹൃത്ത്
10. പൂമ്പാറ്റ
11. മൊബൈൽ പഴഞ്ചൊല്ലുകൾ
12. വിവിധ ക്ലബ്ബുകൾ
13. അഭിനന്ദനങ്ങൾ
14. ജീവിത സ്വപ്നം
15. കേരളത്തെ തിണർപ്പിച്ച പുഴകൾ ഇന്ന്
16. Where's My Friend
17. നന്ദി

# സന്ദേശം



ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയിലൂടെ ഡിജിറ്റൽ മാഗസിൻ എന്ന ഈ സംരംഭത്തിൽ മല്ലപ്പള്ളി സി. എം. എസ് ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും കൈ കോർക്കുകയാണ്. വിദ്യാർഥികളിലെ നൈപുണികൾ വിവര വിനിമയ സാങ്കേതിക വിദ്യയും ചേർത്തിണക്കി അതിൽ വൈദഗ്ദ്ധ്യവും അഭിരുചിയുമുള്ള ഒരുതലമുറയെ വാർത്തെടുക്കാൻ കഴിയട്ടെ. 'Glimpse of Tech'ന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ,

# ആമുഖം

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവു കളുടെവിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയു സജീവവുംസമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസ പ്രക്രീയ രൂപപ്പെട്ടുവന്നിരിക്കുന്നു. വിവര വിനിമയസാങ്കേതിക വിദ്യ സങ്കേതങ്ങൾ സമർഥമായും ഫലപ്രദമായും ഉപയോഗിക്കാൻ കഴിവുള്ള ഒരു തലമുറയെ വളർത്തിയെടുക്കാൻ ശ്രമിക്കുകയാണ് ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മയിലൂടെ. സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാൽമകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മ യിലൂടെ കഴിയട്ടെയെന്ന ആശംസകളോടെ ഈ മാഗസിൻ സമർപ്പിക്കട്ടെ.

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

സ്റ്റാഫ് എഡിറ്റേഴ്സ്: ശ്രീമതി. മീന മേരി ജോർജ്
ശ്രീമതി. ഷേർളി ജോർജ്

സ്റ്റുഡന്റ് എഡിറ്റർ: ജോയൽ എബി മാമ്മൻ
സബ് എഡിറ്റേഴ്സ്: മെൽവിൻ വി. ജോർജ്
സിയോന എൽസാ, അലീന ലാൽജു
ജൊഹാന ആൻ ജോബി

# താരാട്ടിനീണം എൻ അമ്മ

പീയുഷമാം മുലപ്പാൽ നുകർന്നു
തരുന്ന അമ്മയാണെന്റെയെല്ലാം
ഞാൻ ഉറങ്ങും നേരത്ത് ചാരത്ത്
വന്ന് താരാട്ട് പാടും അമ്മയാണെന്റെ
സമ്പത്ത്
ഞാനൊന്ന് കരയുമ്പോൾ അരികത്ത്
വന്ന് കണ്ണീർ തുടക്കും എൻ അമ്മയാ
ണെന്റ സ്വത്ത്
അമ്മയില്ല ലോകത്ത് ജ്ജീവിക്കാൻ
ആവില്ലെനിക്ക്

ALBY RAJ

# ജീവിതപടവുകളിലേക്കുള്ള ഉത്തമ വഴികാട്ടി

ഏഴാം ക്ലാസിലാണ് അനു പഠിക്കുന്നത്. പഠനത്തിലേറ്റവും സമർത്ഥയാണവൾ. അതുകൊണ്ടുതന്നെ അദ്ധ്യാപകരുടെയെല്ലാം കണ്ണിലുണ്ണിയാണവൾ. സ്വന്തമെന്നു പറയാൻ അവൾക്ക് അമ്മ മാത്രമേയുള്ളു. കിടക്ക വിട്ടു മാറാൻ കഴിയാത്ത അമ്മസിന്റ ആൻ മാത്യു മാത്രമാണ് അവളുടെ ശരണം. അമ്മയുടെ അവസ്ഥ വഷളാകുന്നത് കണ്ട അനു തന്റെ പഠനം ഉപേക്ഷിക്കാൻ തയാറായി. അമ്മയുടെ ചികിത്സക്കാവശ്യമായ പണം അവളുടെ കയ്യിലില്ല. താൻ സ്ക്കൂളിൽ പോയാൽ പിന്നെ ആരാണ് അമ്മയെ ശുശ്രൂഷിക്കുവാനുള്ളത്? അതിനാൽ മുഴുവൻ സമയവും താൻ അമ്മയുടെ ശുശ്രൂഷക്കായി നിൽക്കേണം എന്നവൾ തീരുമാനിച്ചു. അമ്മ പലപ്പോഴും അവളുടെ തീരുമാനത്തിനോട് വിയോജിപ്പു കാട്ടി. അവൾ ദുഃഖത്തോടു കൂടെയെങ്കിലും തന്റെ പഠനം ഉപേക്ഷിച്ചു. അമ്മയുടെ ശുശ്രൂഷയിൽ പൂർണ്ണ ശ്രദ്ധ കാണിച്ചു.

കിടക്കയിൽ ഇരുന്ന് അമ്മ നെയ്യുന്ന തുണികൾ അനു ചന്തയിൽ കൊണ്ടുപോയി വിൽക്കും. അങ്ങനെയാണവൾ ജീവിതവൃത്തി കണ്ടെത്തുന്നത്. അങ്ങനെ ഒരു ദിവസം അവൾ ചന്തയിലേക്ക് പോകുകയായിരുന്നു. അപ്പോഴാണ് അവൾ തന്റെ അദ്ധ്യാപകനെ കണ്ടു. തന്നെ ഏറെ സ്നേഹിക്കുന്ന താൻ ഏറെ സ്നേഹിക്കുന്ന പ്രിയപ്പെട്ട ശങ്കരൻ മാഷ്. അവളുടെ മനസ്സിൽ ഒരു ഞെട്ടലുണ്ടായി. ഇപ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ എത്തിയാൽ സ്ക്കൂളിലേക്ക് മടങ്ങിവരുവാൻ അദ്ദേഹം എന്നെ നിർബന്ധിക്കും. ഒരിക്കലും അദ്ദേഹത്തിന്റെ വാക്കുകൾ അനുസരിക്കാൻ എനിക്കാവില്ല. അങ്ങനെയെങ്കിലും എന്റെ അമ്മയെ ആരു നോക്കും എന്ന ചിന്ത അവളിൽ ഉണ്ടായി. അതിനാൽ മാഷ് കാണുന്നതിനു മുമ്പെ അവൾ വീട്ടിലേക്ക് ഓടി. എന്നാൽ മാഷ് അവളെ കണ്ടില്ല. അദ്ദേഹം അവളുടെ പിന്നാലെ പാഞ്ഞ് അവളുടെ കുര കണ്ടെത്തി. അവൾ പ്രതീക്ഷിച്ചതുപോലെ അമ്മയുമായി സംസാരിച്ച് അവളെ സ്ക്കൂളിൽ മടക്കിവരുത്തണമെന്ന വ്യവസ്ഥയിലെത്തി. അവൾ പിന്മാറാൻ പല ഒഴിവു കഴിവുകൾ നിരത്തിയെങ്കിലും അദ്ദേഹം തന്റെ ശ്രമം തുടർന്നു. അമ്മയുടെ ചികിത്സയ്ക്കും അനുവിന്റെ പഠനത്തിനും ആവശ്യമായ പണം ഞാൻ നൽകാം. അതിനാൽ തീർച്ചയായും അനു സ്ക്കൂളിലേക്ക് മടങ്ങിവരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഒടുവിൽ അദ്ദേഹത്തിന്റെ നിർബന്ധത്തിനു വഴങ്ങി അവൾ സ്ക്കൂളിലേക്ക് പോകുവാൻ തന്നെ തീരുമാനിച്ചു. പെട്ടെന്ന് വണ്ടി ഒരു വീടിന്റെ മുമ്പിൽ നിർത്തി. അനു തന്റെ സ്വപ്നലോകത്തിൽ നിന്നും ഉണർന്നു. അവൾ ഇന്നൊരു ഐ.എ.എസ്. ഉദ്യോഗസ്ഥയാണ്. കാറിൽ നിന്നു ഇറങ്ങുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു കവിയുന്നുമുണ്ടായിരുന്നു. അവളെ ഈ നിലയിലേക്ക് ഉയർത്തിയ ശങ്കരൻ മാഷിന്റെ ശവശരീരം കാണുവാനായിട്ടാണ് അവൾ എത്തിയത്. താൻ ഏറെ സ്നേഹിച്ച തന്നെ ഏറെ സ്നേഹിച്ച ശങ്കരൻ മാഷ്...

CINTA ANN MATHEW

# എന്റെ ഭാഷ

ഞാൻ ജനിക്കും നേരം എന്റെ
ഉള്ളിൽ വന്ന കുരുന്നു ദാഷ
പിന്നെയെൻ മധുവാർന്നൊരു
മാതൃദാഷ ആദ്യക്ഷരം കുറിക്കും
നാളിലെനിക്ക് സ്വന്തം സ്നേഹ ദാഷ
നേർവഴികാട്ടിനടത്തുന്ന ധർമ്മദാഷ
ലാളിത്യമാർന്നൊരു ഇഷ്ടദാഷ
പിന്നെയെൻ നാടിന്റെ ഹൃദയദാഷ
എല്ലാവരും ചൊല്ലുന്ന സ്നേഹ
ദാഷയാണെന്റെ മലയാളം

ALBY RAJ

# ഓർമ്മകൾ..... യാത്രകൾക്കപ്പുറം

എന്നുമൊരു ഓർമ്മ ഇനി
എന്നുമൊരു ഓർമ്മ (2)

പഴയ കാലങ്ങൾ ഇനി
എന്നുമൊരു ഓർമ്മ
പഴയ ക്രൂട്ടുകൾ ഇനി
എന്നുമൊരു ഓർമ്മ

എന്നു കാണും നമ്മൾ
ഇനി എന്നു കാണും നമ്മൾ
എങ്ങനെ ഒന്നിച്ച് ഇനി
ഒരുമയോടെ നിൽക്കും

എന്നുമോർമിക്കാം നമുക്ക്
എന്നുമോർമിക്കാം
പുതിയ കാലങ്ങൾ ഇനി
ജ്ജീവിത വസന്തം.

LIVYA RACHEL
JACOB

# കലയും സാഹിത്യവും

കലയും സാഹിത്യവും ഒറ്റ വാക്കിൽ പറയുകയാണെങ്കിൽ കലാ സാഹിത്യം. ഇവിടെ കലയ്ക്കു ശേഷവും സാഹിത്യത്തിനു മുമ്പും ദീർഘം എന്ന ചിഹ്നത്തിന്റെ ഒരു ചേരൽമാത്രം വ്യത്യാസം. ആ ഒരു ചേരലിൽ അവയുടെ ബന്ധം? കലയും സാഹിത്യവും എന്നു ഉപയോഗിക്കുന്നതിന്റെ ബുദ്ധിമുട്ടിൽ അതിനെ ഒന്നാക്കി കലാസാഹിത്യം.

കലയുടെയും സാഹിത്യത്തിന്റെയും പ്രാധാന്യം അഥവാ ബന്ധം അറിവാൻ ഇവയെ വേർതിരിച്ച് എഴുതാതെ വയ്യ എന്നു പറഞ്ഞുകൊള്ളട്ടെ. ഭാഷാ പരിജ്ഞാനികൾ ഇവയെ ചേർത്തുവെച്ച് കലാസാഹിത്യം എന്നു പറയുമ്പോൾ ഒരു ചിന്ത മനസ്സിൽ വരുകയാണ്. കല എന്നത് ഒരു കലാകാരന്റെ ജന്മസിദ്ധമായ കഴിവാണ്. സാഹിത്യം എന്നത് ഒരു കലാകാരന്റെ ഉപബോധമനസ്സിൽ നിന്ന് ഉണരുന്ന അവന്റെ പരിജ്ഞാനമാണ്. അപ്പോൾ ഇവയെ സമന്വയിപ്പിച്ചാൽ സാഹിത്യം ഒരുവന്റെ കലയാണ് എന്നു പറയുവാൻ സാധിക്കും. ഇവിടെ കല എന്താണ്? സാഹിത്യം എന്താണ്? എന്നു വേർതിരിച്ച് അറിയുമ്പോൾ അവ തമ്മിലുള്ള സമന്വയ കാരണം സ്പഷ്ടമാണ്.

അല്പം കൂടി ലളിതമാക്കുകയാണെങ്കിൽ കല എന്നത് ഒരു ലോകമാണ്. സാഹിത്യം ആ ലോകത്തെ കലാ സൃഷ്ടിയാണ്. ആവിഷ്കർത്താവ് കലാകാരനാണ്. അപ്പോൾ സാഹിത്യ പരിജ്ഞാനി തീർച്ചയായും കലാകാരനാണ്.

ഇതേ രീതിയിൽ നാം ചിന്തിക്കുകയാണെങ്കിൽ കലാകാരൻ സാഹിത്യ ജ്ഞാനിയാണ്. എന്നാൽ സാഹിത്യം എന്നതു മാത്രമാണോ കല? ഒരുതരത്തിൽ ശരിയാണ്. സാഹിത്യം എന്നത് മാത്രമല്ല കല. അപ്പോൾ ഞാൻ മേൽപ്പറഞ്ഞ പ്രസ്താവന ശരിതന്നെ. കല എന്നത് ചലചിത്ര ആവിഷ്കരണമാണ്. നൃത്തങ്ങളും മിമിക്രി, മോണോആക്ട് എന്നിവയും ആകാം. ചില സാഹിത്യ കർത്താക്കൾ പറയും. ഒരുവന്റെ നടപ്പ് ഇരുപ്പ് അവന്റെ സംസാര ശൈലി ഇവയെല്ലാം കലയാണെന്ന്. അപ്പോൾ ഇവയൊന്നും സാഹിത്യമല്ല. മറിച്ച് ചില അവസരങ്ങളിൽ ഇവ സാഹിത്യബന്ധം പുലർത്തുന്നു എന്നു മാത്രം. അത് എന്തുമാകട്ടെ പൊതുവിൽ ഇവ സാഹിത്യബന്ധം പുലർത്തുന്നു എങ്കിൽ അവ പൂർണ്ണമായ ഒരു സാഹിത്യാവിഷ്കരണമാവാൻ തരമില്ല. കലയുടെ വിവിധ ഭാഗങ്ങളിൽ സാഹിത്യാഭിരുചികൾ പ്രകടമാകുന്നു എങ്കിലും സാഹിത്യം മേൽപ്പറഞ്ഞ സൃഷ്ടിയുടെ നിഴൽ മാത്രമാണ് എന്നു കാണാം. ഇതുതന്നെയാണ് പ്രകടമായ വ്യത്യാസം.

AJANTHAKUMAR P S

# നല്ല സുഹൃത്ത്

പണ്ട് ഒരു കാട്ടിൽ ഒരു മുയൽ ആമയും താമസിച്ചിരുന്നു. അവർ ക്രൂട്ടുകാർ ആയിരുന്നു. ആമ പാവവും മുയൽ അഹങ്കാരിയും ആയിരുന്നു. ഒരുദിവസം മുയൽ കാട്ടിൽക്രൂടി നടന്നപ്പോൾ ആമയുടെ കരച്ചിൽ കേട്ടു. ആമ ഒരു കെണിയിൽ അകപ്പെട്ടിരുന്നു. ആമ ചോദിച്ചു എന്നെ രക്ഷപെടുത്താമോ? എന്നാൽ മുയൽ ഒന്നും മിണ്ടാതെ നടന്നുപോയി. അപ്പോൾ അതുവഴി വന്ന ചിംബു എന്ന ആന ആമയുടെ കരച്ചിൽ കേട്ട് അവനെ തുറന്നുവിട്ടു. പിന്നീട് ഒരു ദിവസം മുയൽ ഒരു കെണിയിൽ പെട്ടു. മുയൽ അവിടെ കിടന്നു കരഞ്ഞു അപ്പോൾ ആമ മുയലിന്റെ കരച്ചിൽ കേട്ടു. ആമ ചിംബു ആനയെ വിളിച്ചുകൊണ്ടുവന്ന് അവനെ രക്ഷപെടുത്തി. മുയൽ ആമയ്ക്കു നന്ദി പറഞ്ഞു. അങ്ങനെ മുയലിന്റെ അഹങ്കാരം ഒക്കെ മാറി. അവർ ക്രൂട്ടുകാരായി ജീവിച്ചു.

DIVYA RACHEL MATHEW

# പൂമ്പാറ്റ

ചിറകുള്ള പൂമ്പാറ്റേ ഒന്നു വരുമോ
എൻ അരികത്തേക്ക്
ഓടി വാ ഓടി വാ
ഒന്നു വായോ പൂമ്പാറ്റേ
ഒന്നും ഞാൻ ചെയ്കില്ല
ഒന്നും ഞാൻ പറയില്ല
ഒന്നു വരുമോ സുന്ദരി നീ
നീല വർണ്ണം പൂശിയ പൂമ്പാറ്റേ
ആരാണു നിനക്കിതു നൽകിയത്
ഉത്തരം തന്നിട്ടു പോക്കു നീ
എന്നുടെ സ്വന്തം പൂമ്പാറ്റേ
എന്നോടു ഒപ്പം ചേരാമോ
നിന്നോടൊപ്പം കളിച്ചീടാം
എന്നുടെ സ്വന്തം സുന്ദരി നീ

ALEENA ANN KURIEN

# മൊബൈൽ പഴഞ്ചൊല്ലുകൾ

- ഒരുമ ഉണ്ടെങ്കിൽ മൊബൈലിലും കിടക്കാം.
- പോസ്റ്റ് പേയ്ഡ് ഇരിക്കുമ്പോൾ പ്രീ പെയ്ഡ് ആടണ്ട.
- അന്യന്റെ മൊബൈൽ ആഗ്രഹിക്കരുത്.
- നിന്റെ മൊബൈൽ പോലെ നിന്റെ അയൽക്കാരന്റെ മൊബൈലിനെയും സ്നേഹിക്കുക.
- വി.ഐ.പി. മൊബൈൽ വാങ്ങിയാൽ അർദ്ധരാത്രിയിലും ഫോൺ വിളിക്കും.
- കണക്ഷൻ ഏതായാലും മൊബൈൽ നന്നായാൽ മതി.
- മൊബൈൽ വെറുതെ കിട്ടിയാൽ ഈശോയും വിളിക്കും.
- അറിയാത്ത പിള്ള വൈബ്രേഷൻ അടിക്കുമ്പോൾ അറിയും.
- പുത്തനച്ചി സിം കാർഡും തൂക്കും.
- മുറ്റത്തെ ടവറിനു റേഞ്ചില്ല.
- ഹാർഡ്സെറ്റ് ചാരി നിന്നവർ സിമ്മുംകൊണ്ടു പോയി.
- ആരാന്റെ സിം ബ്ലോക്കായാൽ സിം കാണാൻ നല്ല ചേലാ.
- കിട്ടാത്ത റിംഗ്ടോൺ പുളിക്കും.
- എസ്.എം.എസ്. മനസ്സിന്റെ കണ്ണാടി.
- കരയുന്ന മൊബൈലിനെ ചാർജ്ജുള്ളൂ.
- സാംസങ്ങ് കുളിച്ചാൽ നോക്കിയ ആകില്ല.

ADHITHYA R NAIR

# വിവിധ ക്ലബ്ബുകൾ







# അഭിനന്ദനങ്ങൾ






State IT മേളയിൽ
Malayalam Typingന്
A Grade നേടിയ
Joel Abi Mammen

# ജീവിത സ്വപ്നം

നമ്മുടെ ജീവിതത്തിൽ ഒത്തിരി സ്വപ്നങ്ങൾ ഉണ്ട്. സ്വപ്നങ്ങളിൽ ചിലത് വിജയിക്കും, ചിലത് തോൽക്കും. ആത്മാർത്ഥമായ സ്വപ്നം കാണാൻ പഠിച്ച് നോക്കൂ, എല്ലാം ശരിയാകും. "സ്വപ്നം കണ്ട് ജീവിക്കൂ" എന്ന് പറഞ്ഞ മഹാനായ അബ്ദുൽ കലാമിനെ നമുക്കറിയാം. പണ്ടുള്ളവർ പറയും വലിയ സ്വപ്നം കണ്ടാൽ സ്വപ്നത്തിൽ കണ്ട ചെറിയ കാര്യങ്ങൾ ഫലിക്കും. അങ്ങനെ വ്യത്യസ്തമായ ഒരു സ്വപ്നം കണ്ട പെൺകുട്ടിയുടെ കഥയാണിത്.

ഒരിടത്ത് സുന്ദരിയായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. പേര് നിത്യ. അവളുടെ പ്രസന്നമായ മുഖം എപ്പോഴും ഐശ്വര്യം തുളുമ്പുന്നതാണ്. ചെറുപ്പത്തിലെ അവളുടെ പിതാവ് മരിച്ചുപോയി. പിന്നീട് അമ്മയും മകളും പിതാവിന്റെ വീട്ടുകാരുടെ ഉപദ്രവം സഹിക്കവയ്യാതെ അവളുടെ അമ്മയുടെ വീട്ടിലെത്തി. പിന്നീട് നിത്യ അവളുടെ അച്ചാച്ചന്റെ പ്രിയപ്പെട്ടവളായി. എന്നാലും ദുഃഖം അവളെ വിട്ടുപോയില്ല. അവളുടെ അമ്മയുടെ ഏക സഹോദരൻ അവർക്ക് എതിരായി ജീവിച്ചു. അയാൾ ഒരു മോഷ്ടാവും കള്ളുകുടിയനുമായിരുന്നു. എല്ലാ പ്രതിസന്ധികളും ധൈര്യപൂർവം നേരിട്ട് അവളും അമ്മയും വലിയ സ്വപ്നങ്ങൾ കാണാൻ തുടങ്ങി. അവൾ പഠിച്ച് ഉന്നതവിദ്യാഭ്യാസമുള്ളവളായി മാറി. മദ്യപാനിയായ അമ്മാവൻ പല പ്രാവശ്യം അവരെ ശല്യം ചെയ്തു. അവർ അറിയാതെ അവരുടെ സ്വർണ്ണാഭരണങ്ങൾ പണയം വെച്ച് ആ ദുഷ്ടൻ കള്ളുകുടിച്ചു. ഒരു ദിവസം രാവിലെ അമ്മാവന്റെ ഭാര്യയുമായി നിത്യയുടെ അമ്മ വഴക്കിട്ടു. അതോടെ തീർന്നു എല്ലാം. നിത്യയെയും അമ്മയെയും വീട്ടിൽ നിന്ന് ഇറക്കിവിടാൻ വരെ അവർ തയാറായി. അവർക്ക് താങ്ങായത് അവരുടെ അച്ചാച്ചനാണ്. ഒത്തിരി ക്രൂരതകൾ അനുഭവിച്ചു. അപ്പോഴാണ് ഒരു രോഗം അവളുടെ അമ്മയെ പിടികൂടിയത്. ഒരു മുഴ കൈയ്യിൽ വന്നു പക്ഷെ അത് വേദനയുളവാക്കുന്നതാണ്. നിത്യയും അമ്മയും ഒരു ധ്യാനത്തിൽ പങ്കെടുക്കുന്നതോടെ അവരുടെ അസുഖം ഭേദമായി. വലിയ ഒരദ്ഭുതം നടന്നു. അവരുടെ അമ്മ എല്ലാ ജോലിയും ചെയ്യാൻ തുടങ്ങി. എല്ലാം കർത്താവിന്റെ അനുഗ്രഹം. ഒരു ഹിന്ദു കർത്താവിനെ ഇത്രത്തോളം വിശ്വസിക്കണമെങ്കിൽ അത് മാതൃകാപരം ആണ്. ഒരു അധ്യാപികയാവുക എന്നത് അവളുടെ ഏറ്റവും വലിയ ഒരു സ്വപ്നമായിരുന്നു. ഉറങ്ങാൻ പോകുന്നതിന് മുൻപ് ഓർക്കുന്നതു മുഴുവൻ അവൾ ഈ വലിയ സ്വപ്നത്തെയാണ്. അവൾ അങ്ങനെ ഒരു അധ്യാപികയായി. അവളുടെ അമ്മാവനെ അവൾ ഒരു ധ്യാന കേന്ദ്രത്തിൽ കൊണ്ടുപോയി. കർത്താവിന്റെ അനുഗ്രഹം കൊണ്ടും അതും നല്ല രീതിയിൽ പോയി. പിന്നീട് അമ്മാവൻ പണയം വെച്ച സ്വർണ്ണമെല്ലാം അവർക്ക് എടുത്തുകൊടുത്തു. പിന്നീട് അവർ നല്ല രീതിയിൽ ജീവിച്ചു. നമുക്കെല്ലാവർക്കും ജീവിതത്തിൽ സ്വപ്നങ്ങൾ ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ ഉയരത്തിലെത്തുവാൻ സാധിക്കൂ.

JISHNU P GANESAN

# കേരളത്തെ തണുപ്പിച്ച പുഴകൾ ഇന്ന്....

ജലത്തിന്റെ ആവശ്യകതയെക്കുറിച്ച് നമ്മെ ഓർമപ്പെടുത്തുന്നതിന് വേണ്ടിയാണ് ഇങ്ങനെയൊരു സന്ദേശം ഗവൺമെന്റ് പ്രചരിപ്പിക്കുന്നത്. ഭൂമി ജലത്താൽ സമൃദ്ധമാണ്. പക്ഷേ മനുഷ്യന് ഉപയോഗിക്കാനാവുന്ന ജലത്തിന്റെ അളവ് വളരെ പരിമിതമാണ്. ആകെയുള്ള ജലത്തിന്റെ വളരെ ചെറിയൊരു അംശം മാത്രമേ നമുക്ക് ഉപയോഗിക്കാൻ കിട്ടുന്നുള്ളൂ. ഇങ്ങനെ നദികളിലും ശുദ്ധജലാശയങ്ങളിലും ഉള്ള ജലത്തേയും നാം മലിനം ആക്കിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ നമ്മൾ മലിനമാക്കിയ പുഴകളുടെ എണ്ണം ഒരുപാടാണ്. പ്രകൃതിയെ നശിപ്പിക്കാൻ മനുഷ്യർ മുന്നിലാണ്. നമ്മെ സംരക്ഷിച്ച പുഴകളെ നാം ഇപ്പോൾ നശിപ്പിക്കുകയാണ്. നമ്മൾ പ്രകൃതിയെ വഞ്ചിക്കുകയാണ്. നദികളാലും കായലുകളാലും സമ്പന്നമായ നമ്മുടെ ലോകത്തെ നാം പൂർണ്ണമായും നശിപ്പിച്ചിരിക്കുന്നു. നമ്മളുടെ ഈ മനോഭാവവും അത്യാർത്തിയും കൊണ്ട് നാം നശിപ്പിക്കുന്നത് വരും തലമുറയ്ക്ക് ആവശ്യകരമായ പുഴകളെയാണ്.

പുഴകൾ നികത്തി വൻ സൗധങ്ങൾ പണിയുമ്പോൾ നാം ഒരിക്കൽ പോലുമതിന്റെ വരുംവരായ്കളെക്കുറിച്ച് ആലോചിക്കുന്നില്ല. ഭൂമിയെന്ന മാതാവ് നമുക്കായി നീട്ടിയ വരദാനങ്ങളെ സംരക്ഷിക്കുന്നതിലും പ്രാധാന്യം നാം നൽകുന്നത് നശിപ്പിക്കാനാണ്. സ്വന്തം പരിസരം മലിനമാകാതെ നാം സൂക്ഷിക്കുമ്പോൾ പ്രകൃതി മലിനമായി മാറുകയാണ്.

പുഴകൾ മെലിയുമ്പോൾ നമുക്ക് വരാനുള്ള വിപത്തുകൾ കൂടുകയാണ്. പുഴകളും ജലാശയങ്ങളും കൊണ്ട് സമൃദ്ധമായിരുന്ന കേരളം ഇന്ന് എങ്ങനെയാണ് എന്ന് നമ്മൾ പ്രകൃതിയോട് ചെയ്ത ക്രൂരതകളിൽ നിന്ന് ഊഹിക്കാം. വികസനമെന്ന് നാം കരുതുന്ന ഈ കാര്യങ്ങൾ ഒരിക്കലും വികസനമല്ല.

ജീവജാലങ്ങളെയും പ്രകൃതിയെയും പ്രകൃതിയിലെ ഓരോചരാചരത്തെയും സംരക്ഷിച്ചുകൊണ്ട് നാം നേടുന്ന നേട്ടങ്ങളാണ് വികസനം. ആ വികസനങ്ങൾ തൃപ്തികരവും നിലനിൽപ്പുള്ളതുമാണ്.

ASWANI ANIL

# Where's My Friend ?

I had ......
A friend who loved
A friend who cared
A friend who supported
A friend whom I could believe
    I was a friend who loved
    I was a friend who cared
    I was a friend who supported
    I was a friend whom I could believe
WHERE'S MY FRIEND ?
My friend is my heart
No one can replace
No one can stole
No one can scratch even watch
WHERE'S MY FRIEND ?

THE 3 KITTIES
The 3 kitties
All so naughty and funny
Goes running by

NIVA SUSAN KURIEN

ഈ മാഗസിനുവേണ്ടി പ്രവർത്തിച്ച എല്ലാവരോടും

നന്ദി............